കൊല്ലങ്ങൾക്ക് മുമ്പ് തേക്കിൻകാട് അക്ഷരാർത്ഥത്തിൽ കൊടുംവനമായിരുന്നു. വന്യമൃഗങ്ങളുടെ ഘോരഗർജ്ജനത്തിൽ അന്ന് തൃശ്ശിവപേരൂർ നടുങ്ങി വിറച്ചു. ക്രിമിനലുകളേയും കൊലപാതകികളേയും ദാക്ഷിണ്യമില്ലാതെ കൈകാര്യം ചെയ്ത രാജാവ് കുറ്റവാളികൾക്ക് ക്യാപിറ്റൽ പണിഷ്മെന്റ് തന്നെ വിധിച്ചു. തൂക്കുകയറിൽ വീണു പിടഞ്ഞ് നാക്ക് തുറിക്കുന്നതിനുപകരം ശിക്ഷിക്കപ്പെട്ടവരെ തെക്കേ ഗോപുരത്തിന്റെ വാതിൽ തുറന്ന് കാട്ടിലേക്ക് വിടുകയായിരുന്നു പതിവ്. മൃഗങ്ങൾ അവരുടെ പല്ലും നഖവും പോലും ബാക്കിവെട്ടില്ലെന്ന് ചേറപ്പായി ഫലിതം. സംഗതി നൂറു ശതമാനവും ഇക്കോഫ്രെണ്ട്ലി. എ.ഡി.ബി പണം വാങ്ങി ഏങ്ങിനെയെല്ലാം ഫ്രണ്ട്ലി അല്ലാതെയാകാം എന്ന് ഗവേഷണം നടത്തുന്ന ഒരു നഗരസഭയുടെ വിശേഷങ്ങൾ.

# ശക്തൻ തമ്പുരാൻ
# തെക്കേ ഗോപുരം കടക്കുമോ?

എ. എസ്താപ്പാൻ

മാതൃകാ പൗരത്വം ഉദ്ഘോഷണം ചെയ്യുന്ന ചില അടിസ്ഥാന യോഗ്യതകളുണ്ട്. ദേശ സ്നേഹത്തിനും സാഹോദര്യത്തിനും പുറമേ കാലാകാലങ്ങളിൽ ഭരണകൂടത്തിലേക്കടക്കേണ്ടുന്ന നികുതികൾ വിളംബം കൂടാതെ അടച്ചുപോരുക എന്നത് ഏതൊരു പൗരന്റെയും പ്രാഥമിക കർത്തവ്യമാണ്. ഭീഷണികളും നിർബന്ധങ്ങളുമില്ലാതെ പരമാവധി പണം പിരിഞ്ഞുകിട്ടുക എന്നത് സർക്കാർ സ്വപ്നം കാണുന്ന സ്ഥിതിവിശേഷം തന്നെയാണ്. അതുകൊണ്ട് സാധാരണക്കാരന് പോറലേല്പിയ്ക്കാതെ, അയാൾക്ക് മാനസിക സമ്മർദ്ദമുണ്ടാക്കാതെ വിവിധ നികുതികൾ വസൂലാക്കാൻ സമൂഹത്തിൽ ഒരുപാട് കൗണ്ടറുകൾ തുറന്നു വച്ചിട്ടുണ്ട്. വരുമാന നികുതി, സമ്മാനനികുതി, വീട്ടുനികുതി, ഭൂനികുതി, സെസ്സ്, വാഹനനികുതി, സർച്ചാർജ്, വിദ്യാഭ്യാസ സെസ്സ് തുടങ്ങിയ കാക്കത്തൊള്ളായിരം ഓമനപ്പേരുകളാൽ ഈ കൗണ്ടറുകളിൽ താങ്കളുടെ മാതൃകാ പൗരത്വം വിലയിരുത്തപ്പെടുന്നു. ഒരു കൗണ്ടറിൽനിന്നും അടുത്ത കൗണ്ടറിലേക്ക് വീണ്ടും മറ്റൊരു കൗണ്ടറിലേക്ക് നീങ്ങി നീങ്ങി സമൂഹത്തിലെ പൊങ്ങച്ച ജീവിതത്തിന്റെ വാടക നിങ്ങൾ അടച്ചു തീർത്തേ തീരൂ. ചില നികുതികൾ നേരിട്ട് തൊട്ടടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്കുള്ളതാണെങ്കിൽ, മറ്റു ചിലത് അങ്ങ് ദൂരെ ദില്ലിയിലെ മുഖർജി മാമനുള്ളതാണ്. രണ്ടായാലും സർക്കാരാപ്പീസിൽ ഒരു മൊട്ടുസൂചി മേടിയ്ക്കണമെങ്കിൽപ്പോലും ജനങ്ങളിൽനിന്ന് ഈ പണം പിരിഞ്ഞുകിട്ടിയിട്ടുവേണം ആപ്പീസിലെ മൂട്ടക്കസേരകളിലിരുന്ന് പൊതു ജനത്തെ പ്രക്ഷാളനം ചെയ്യുന്ന കഠിനാദ്ധ്വാനിയായ ഉദ്യോഗസ്ഥന്റെ ശമ്പളവും കൊടി പറപ്പിയ്ക്കുന്ന സർക്കാർ വാഹനത്തിൽ മലർന്നുകിടക്കുന്ന ജനപ്രതിനിധിയുടെ അലവൻസുകളും മറ്റെവിടെ നിന്നുമല്ല കൊടുത്തുതീർക്കുന്നത്. എ.ഡി.ബി. പണമൊക്കെ ഇപ്പോഴല്ലേ വന്നു തുടങ്ങിയത്.അപ്പോൾ ബഹുമാന്യനായ സമ്മദിദായകന്റെ പോക്കറ്റിൽ കിടന്ന പണം കൈയിലെത്തുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിലെ സാംസ്കാരിക നഗരമായ തൃശ്ശൂരിലെ നഗരസഭ അതെങ്ങനെയാണ് ചെലവഴിയ്ക്കേണ്ടത്? ഉത്തമബോധ്യത്തോടും സന്മനസ്സോടും കൂടി പിരിഞ്ഞു കിട്ടിയ സംഖ്യ അതേ ഗൗരവത്തോടെത്തന്നെ ജനങ്ങൾ ഗുണകരമായ വിധത്തിൽ ഉപയോഗിയ്ക്കുകയാണ് അതിന്റെ ശരി. ജനങ്ങൾ തെരഞ്ഞെടുത്ത പണ്ഡിത കേസരികളുൾക്കൊള്ളുന്ന ഒരു ഭരണ സമിതി കാര്യങ്ങൾ തീരുമാനിയ്ക്കാൻ, നടപ്പിലാക്കാൻ തലപ്പത്തുള്ളപ്പോൾ



**മാലിന്യ സംസ്കരണത്തിന് കൂടുതൽ സ്ഥലമാവശ്യപ്പെട്ടുകൊണ്ടുള്ള കോർപ്പറേഷന്റെ പത്രപ്പരസ്യത്തിന് ഇനി അഥവാ മികച്ച പ്രതികരണമുണ്ടായില്ലെങ്കിൽത്തന്നെ നമുക്ക് ടെൻഷൻ അടിയ്ക്കേണ്ടതില്ല. നഗരത്തിനുള്ളിൽത്തന്നെ നീണ്ടു നിവർന്നു കിടക്കുകയല്ലേ തേക്കിൻകാട് മൈതാനം, ഏക്കറുകണക്കിന്, ആവശ്യത്തിന് അളന്നെടുക്കുകയേ വേണ്ടൂ. പുതിയ ലാലൂർ ഇവിടെത്തന്നെയാകട്ടെ.**

അതങ്ങനെയേ വരൂ എന്നറിയാം. എന്നിട്ടും വികസനോന്മുഖ സാംസ്കാരിക പ്രവർത്തനം മുഖമുദ്രയാക്കിയ തൃശ്ശൂർ നഗരത്തിൽ ഈ ചീഞ്ഞ നാറ്റം എവിടെ നിന്നുമാണ് കടന്നുവരുന്നത്? സംസ്ഥാനമൊട്ടാകെയുള്ള സാഹിത്യ സാമൂഹിക പരിഷ്കരണങ്ങൾക്ക് ചുക്കാൻ പിടിയ്ക്കുന്ന അക്കാദമി ഈ കെടുകാര്യസ്ഥതകണ്ടില്ലെന്നുണ്ടോ? പാർട്ടി സെക്രട്ടറിയ്ക്ക് ജലദോഷം വന്നാൽപോലും അത് അമേരിയ്ക്കൻ സാമ്രാജ്യത്തിന്റെ ഇടപെടലാണെന്നു പറഞ്ഞു പ്രതിഷേധ പ്രസ്താവനയ്ക്കിറക്കുന്ന പതിവ് കൊട്ടാരം പുംഗവമാരൊക്കെ എവിടെപ്പോയി ഇപ്പോൾ?

പാവപ്പെട്ട വോട്ടർമാരുടെ ഓട്ടക്കീശയിൽകൊണ്ട് തേക്കിൻകാട് മൈതാനത്തെ സൗന്ദരികെട്ടടങ്ങിയിട്ടില്ല. തലങ്ങും വിലങ്ങും പുല്ലുവച്ചു പിടിപ്പിക്കുന്നതിന്റെയും ഉപയോഗത്തിലുണ്ടായിരുന്ന ടാർ റോഡ് വെട്ടിപ്പൊളിച്ചുകളഞ്ഞ് സമാന്തരമായി ഉണക്കക്കട്ട പാകുന്നതിന്റെയും ബഹളങ്ങൾ ഇപ്പോഴും ഓർത്തുപോവുകയാണ്. ലണ്ടനിലെ ഹൈഡ് പാർക്ക് പോലെയാക്കിക്കളയും തേക്കിൻകാട് മൈതാനം എന്നായിരുന്നു വാശി. ഐശ്വര്യത്തിന്റെ ചിറകടിയൊച്ചയായിരുന്നു അതെല്ലാം എന്നു തോന്നി. തേക്കിൻകാട് തെക്കൻ വൃന്ദാവനമാകുമെന്നും ആ സുഗന്ധ സമീരണനേറ്റുവാങ്ങാൻ വിദേശ ടൂറിസ്റ്റുകൾ കൂട്ടം കൂട്ടമായി നെടുമ്പാശ്ശേരിയിൽ വിമാനമിറങ്ങുമെന്നും നമ്മൾ കരുതി. ഒടുവിൽ തേക്കിൻകാടിന് ഉണ്ടായിരുന്ന സൗന്ദര്യവും പോയി നട്ട പുല്ലൊട്ടു പിടിച്ചതുമില്ല. പകരം ഉണക്കക്കട്ടകൾക്കിടയിലൂടെ കാട്ടുപുല്ല് തഴച്ചുവളർന്നു. നഗരസഭ ആരോപണങ്ങളുടെ അഗ്നിക്കാവടി. ഡി.ടി.പി.സി യുടെ തലയിൽ വച്ചു കൊടുത്ത് രക്ഷപ്പെട്ടു. നാലു മാവിൻതൈയോ, പ്ലാവിൻതൈയോ നട്ടുപിടിപ്പിക്കാൻ ഈ അഭിനവ ബ്യൂട്ടീഷൻമാർക്ക് തോന്നാഞ്ഞതെന്തേ?

തൃശ്ശൂർ നഗരസഭയുടെ കെട്ടുകാര്യസ്ഥതക്ക് മകുടം ചാർത്തുന്നതാണ് ഇപ്പോൾ തുറന്നു കൊടുക്കപ്പെട്ട സബ്വേ. ധാരാളം മതി. പക്ഷേ, ഒരിരുപത്തഞ്ചുവർഷം മുന്നിൽക്കണ്ടാണ് നഗരസഭ ഇതുപണിതിരുന്നതെങ്കിൽ കുറെ കടകളും പാർക്കിങ്ങുമെല്ലാം അനുബന്ധമായി പണിത് വാടക പിരിയ്ക്കാമായിരുന്നു. നാട്ടുകാർക്ക് പച്ചക്കറിയും മുല്ലപ്പൂവും വാങ്ങി ബസ്സുകയറിപ്പോകാമായിരുന്നു. രണ്ടോ നാലോ മൂത്രപ്പുരകൂടിയുണ്ടായിരുന്നെങ്കിൽ അമ്മ പെങ്ങന്മാരുടെ വിമ്മിഷ്ടങ്ങൾക്ക് ആശ്വാസമായിരുന്നു. എ.സി. മുറിയിലിരുന്ന കമ്പ്യൂട്ടറൈസ്ഡ് പ്ലാനുകളെകുറിച്ച് തല പുണ്ണാക്കി, സെമിനാറുകളിൽ അൾട്രാ മോഡേൺ നഗരാസൂത്രണം വിളമ്പുന്നവർക്ക് എന്തേ അന്താരാഷ്ട്ര നിലവാരത്തിൽ വിഭാവനം ചെയ്യാൻ പറ്റാത്തത്? സമൂഹവികസനത്തിലെ എല്ലാ പാളിച്ചകൾക്കും പരിമിതികൾക്കും അവർ പെരുകിവരുന്ന ജനസംഖ്യയെ കുറ്റപ്പെടുത്തികൊണ്ടിരിയ്ക്കും. എപ്പോഴും ഇത്തിരിവട്ടത്തുനിന്നു മാത്രം കാണുകയും കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഈ അധോമുഖ വാമനൻമാർ (കടപ്പാട്: വൈലോപ്പിള്ളി) ഭരിയ്ക്കുന്ന നഗരസഭയക്കാണ് നമ്മൾ പൗരബോധമുൾക്കൊണ്ട്, വീഴ്ചവരുത്താതെ നികുതിയടക്കുന്നത്. എത്ര ലജ്ജാകരം ജുഗുപ്സ്സാവഹം !!

ലാലൂർ മലിനീകരണപ്രശ്നത്തിന്റെ ഇപ്പോഴത്തെ സ്ഥിതികണ്ടാൽ അത് തീർപ്പാക്കാൻ യത്നിക്കുന്നവരോട് “ഇങ്ങനെ ഒരു പ്രശ്നം ഉണ്ടാക്കിയെടുക്കാൻ ഞങ്ങളെത്ര പാടുപെട്ടെന്നറിയാമോ” എന്ന് നഗരസഭ പറയുമെന്നുതോന്നുന്നു. ആജന്മ വൈരങ്ങൾക്കും. ലോകമഹായുദ്ധങ്ങൾക്കും ഇവിടെ പോംവഴിയുണ്ടായിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾക്കും വർഗ്ഗീയകലാപങ്ങൾക്കും ഒത്തുതീർപ്പുണ്ടായിട്ടുണ്ട്. തർക്കിയ്ക്കുന്ന ഇരുവിഭാഗക്കാർക്കും പിടിവാശി കളഞ്ഞ് പ്രശ്നം പരിഹ



- **books**
- **magazines**
- **periodicals**

Byword
**BOOKS**

marva plaza, machingal lane
m.g. road, thrissur
Tel. : 0487 3256689,
Mob : 9847764577

**for rare and new books**

രിയ്ക്കണമെന്നുമാത്രം. ചർച്ചയിലൂടെ രമ്യതയിലെത്താൻ പറ്റാത്ത എന്തു പ്രശ്നമാണിവിടെയുള്ളത് ? ഈ സന്നദ്ധതയും മനസ്ഥിതിയുമാണ് വിപ്ലവപ്പാർട്ടിയുടെ സെക്രട്ടറിയ്ക്കും മേയർക്കും ഇല്ലാതെപോയത്. ലാലൂർ ഒരു ഇഷ്യൂ ആയിത്തന്നെ നിലനില്ക്കമെന്നത് നഗരസഭയുടെ ആവശ്യമാണോ എന്ന് സംശയിക്കാൻ പൊതുജനക്കഴുതയ്ക്ക് ന്യായമായ അവകാശമുണ്ട്.




ഇന്നല്ലെങ്കിൽ നാളെ നഗരമാലിന്യം മുഴുവൻ വാരികൂട്ടി ലാലൂർ ഗ്രാമത്തിൽ കൊണ്ടുതള്ളുന്ന ഈ പരിപാടിയ്ക്ക് ഒരു ബദൽ അന്വേഷിക്കേണ്ടിവരും. നഗരത്തിലെ മാലിന്യത്തിലെ പ്രധാനപ്രതി പ്ലാസ്റ്റിക് ഉല്പന്നങ്ങളാണെന്നിരിയ്ക്കെ നമ്മുടെ ക്യാരിബാഗ് സ്വഭാവത്തിന് അടിയന്തിരമായി നിയന്ത്രണങ്ങളേർപ്പെടുത്തേണ്ടിവരും. നിർബ്ബന്ധമായും ഞാൻ പ്ലാസ്റ്റിക് ക്യാരിബാഗുകൾ കടയിൽനിന്നും വീട്ടിലെത്തിയ്ക്കില്ല എന്ന് നമ്മളൊക്കെ സ്വയം ശാസിക്കേണ്ട കാലം അതിക്രമിച്ചിരിയ്ക്കുകയാണ്. ബഹുജനവികാരം പുഷ്ടിപ്പെടാൻ സമയമെടുക്കും. ലാലൂരും പരിസരവും (തൃശ്ശൂർ നഗരമുൾപ്പെടെ) അപ്പോഴേക്കും ഭീകരമായ പകർച്ചവ്യാധികൾ പൊട്ടിപുറപ്പെട്ടേക്കാം. ഇവിടെയിപ്പോൾ പന്ത് നഗരസഭയുടെ കോർട്ടിലാണ് കോർപ്പറേഷൻ 25 ഏക്കർ ഭൂമി അന്വേഷിയ്ക്കുന്നതിനുപകരം ഓരോ വാർഡിലും അരയേക്കാൾ സ്ഥലമെങ്കിലും ഇതിനായി കണ്ടെത്തികൂടെ. ജൈവ മാലിന്യസംസ്ക്കരണത്തിന് മാത്രമാണ് ഇത് ഓരോ വാർഡിലേയും ചവറുകൾ അതേ വാർഡിൽതന്നെ സംസ്ക്കരിക്കാൻ ഇനിയും നമ്മളിലൂടെ തമ്പുരാക്കൻമാർ എന്തേ ആലോചിച്ചുണ്ടാക്കുന്നത്? അവനവന്റെ തീട്ടം മറ്റൊരുത്തന്റെ വീട്ടിലേക്കു വലിച്ചെറിയുന്നതാണോ ശരിയായ സംസ്കാരമെന്ന് കോർപ്പറേഷൻആലോചിക്കണം. ഓരോ വീടിലും ജൈവ അവശിഷ്ടങ്ങൾ, കുപ്പിച്ചില്ല്, തകരപ്പാട്ട, പ്ലാസ്റ്റിക്, റബ്ബർ എന്നിവയ്ക്ക് വെച്ചേറെ ബിന്നുകൾ വച്ച് അതതു വാർഡിലെ സംസ്ക്കരണ സ്ഥലത്ത് സ്വരൂപിച്ച് ജൈവാവശിഷ്ടങ്ങൾ വളമാക്കി മാറ്റുകയും കുപ്പിച്ചില്ല് തകരപ്പാട്ടുകൾ ആക്രികച്ചവടക്കാർക്ക് കൊടുക്കുകയും ചെയ്യണം. പ്ലാസ്റ്റിക് അവശിഷ്ടങ്ങൾക്ക് കൂടുതൽ ചാർജ് ഏർപ്പെടുത്തി ജനങ്ങളിലെ ഉപഭോഗം കുറക്കണം. ഇപ്പോൾ പ്ലാസ്റ്റിക് ബാഗ് മേടിക്കുന്നവരിൽനിന്നും രണ്ടു രൂപാ ഈടാക്കുന്നതിനു പകരം, കടകളിൽ, തുണിസഞ്ചി ഉപയോഗിക്കുന്ന കസ്റ്റമർക്ക് രണ്ടു രൂപ ബില്ലിൽ ചെയ്യുന്ന ഏർപ്പാട് ഉണ്ടാകണം. തീർച്ചയായും ഇത് പ്ലാസ്റ്റിക് ബാഗ് ഉപയോഗം കുറക്കും. അവ പാരിതോഷികമായി ഉപഭോക്താവിനു നല്കുന്ന കടക്കാർക്കു തന്നെ തിരിച്ചു നല്കുകയോ അല്ലെങ്കിൽ ഉപയോഗത്തിന് കൂടിയ പെനാൽറ്റി ഏർപ്പെടുത്തുകയോ വേണം. മാലിന്യത്തെ അതിന്റെ ഉറവിടത്തിൽത്തന്നെ ഇല്ലാതാക്കുക എന്നു പറയുന്നതിന്റെ ഗുട്ടൻസ് ഇതാണ്. ഇങ്ങനെ ആരോഗ്യകരമായ രീതിയിൽ സമൂഹജീവിതത്തിൽ ഇടപെട്ട് പൗരന്റെ ദൈനംദിന ജീവിതം ആയാസരഹിതമാക്കുന്നതിനു വേണ്ടിയാണ് നമ്മൾ, അരി മേടിയ്ക്കാൻ വച്ച പണമെടുത്ത് നഗരസഭയിൽ നികുതിയടക്കുന്നത്. അല്ലാതെ ജനപ്രതിനിധികളായ അമ്രാൾക്കും കമ്മളുമാർക്കും യൂറോപ്പിൽ ഷോപ്പിംഗ് ധമാക്കക്ക് പോകാനല്ല. മുഖം നന്നല്ലാത്തവർ കണ്ണാടിയെ കുറ്റപ്പെടുത്തും. നന്നായി നൃത്തം ചെയ്യാനറിയാത്തവർ നിലം ശരിയല്ലാത്തതു കൊണ്ടാണെന്നു പറയും. സ്വന്തം ഉത്തരവാദിത്തങ്ങൾ ചെയ്തു തീർക്കാത്ത നഗരസഭയാണ് ഉച്ചഭാഷിണി വച്ച് പരിസര ശുചിത്വത്തെപ്പറ്റി നാടുനീളെ ഉൽബോധിപ്പിക്കാനിറങ്ങുന്നത്.

കപ്പിങ്ങ് (ഇപ്പോഴത്തെ മാലിന്യത്തെ അമർത്തി പോളിത്തീൻ ഷീറ്റുകൊണ്ട് മൂടുന്ന രീതി) ചെയ്ത് മാലിന്യം കൊണ്ടിടൽ പുനരാരംഭിച്ചാലും ലാലൂരിൽ അത് എത്രനാൾ തുടരാൻ പറ്റും? നമ്മുടെ മാലിന്യങ്ങൾ നേരാംവണ്ണം മറവുചെയ്യാൻ കഴിയാത്ത നമുക്ക് ചന്ദ്രനിൽ ജലം കണ്ടെത്തിയ ശാസ്ത്ര സാങ്കേതിക വിദ്യയെക്കുറിച്ച് അഹങ്കരിക്കാൻ യാതൊരർഹതയുമില്ല. വീട്ടിൽ ഫ്യൂസായ ഒരു ട്യൂബ്ലൈറ്റ്

എങ്ങനെ മറ്റുള്ളവർക്കും പരിസരത്തിനും ഹാനികരമല്ലാതെ സംസ്കരിയ്ക്കണമെന്ന് പറഞ്ഞുകൊടുക്കാൻ നമുക്കറിയില്ലെങ്കിൽ, ഓസ്കാറല്ല നോബൽ സമ്മാനം നേടിയിട്ടും എന്തുകാര്യം? ഇടതു വലതു ഭരണാധികാരികളുടെ പിടിപ്പുകേടും മൂരാച്ചിത്തരവും എങ്ങനെ ഒരു ഗ്രാമജീവിതത്തെ മുഴുവൻ അപകടപ്പെടുത്തുന്നു എന്ന് നമ്മുടെ കുട്ടികളൊക്കെ വന്നു കാണട്ടെ. മനുഷ്യർ ഇവിടെയും ജീവിക്കുന്നു എന്ന് അവരറിയട്ടെ. സ്കൂളുകളിൽനിന്ന് ചാലക്കുടി വെള്ളച്ചാട്ടവും തീംപാർക്കും മൃഗശാലയും വിനോദയാത്രകളിൽ ഷെഡ്യൂൾ ചെയ്യുന്നവർ ഇനി മുതൽ ലാലൂരും അതിലുൾപ്പെടുത്തട്ടെ. വികസനം കുന്നുകളെ ഇടിച്ചു നിരത്തുമ്പോൾ, മറുവശത്ത് മാലിന്യത്തിന്റെ മലകൾ രൂപം കൊള്ളുന്നതെങ്ങനെയെന്ന് നമ്മുടെ കുട്ടികൾ മനസ്സിലാക്കട്ടെ!

കൊല്ലങ്ങൾക്ക് മുമ്പ് തേക്കിൻകാട് അക്ഷരാർത്ഥത്തിൽ കൊടുംവനമായിരുന്നു. വന്യമൃഗങ്ങളുടെ ഘോരഗർജ്ജനത്തിൽ അന്ന് തൃശ്ശിവപേരൂർ നടുങ്ങി വിറച്ചു. ക്രിമിനലുകളേയും കൊലപാതകികളേയും ദാക്ഷിണ്യമില്ലാതെ കൈകാര്യം ചെയ്ത രാജാവ് കുറ്റവാളികൾക്ക് ക്യാപിറ്റൽ പണിഷ്മെന്റ് തന്നെ വിധിച്ചു. തൂക്കുകയറിൽ വീണു പിടഞ്ഞ് നാക്ക് തുറിക്കുന്നതിനുപകരം ശിക്ഷിക്കപ്പെട്ടവരെ തെക്കേ ഗോപുരത്തിന്റെ വാതിൽ തുറന്ന് കാട്ടിലേക്ക് വിടുകയായിരുന്നു പതിവ്. മൃഗങ്ങൾ അവരുടെ പല്ലും നഖവും പോലും ബാക്കിവെച്ചിട്ടില്ലെന്ന് ചേറപ്പായി ഫലിതം. സംഗതി നൂറു ശതമാനവും ഇക്കോഫ്രണ്ട്ലി.

മാലിന്യ സംസ്കരണത്തിന് കൂടുതൽ സ്ഥലമാവശ്യപ്പെട്ടുകൊണ്ടുള്ള കോർപ്പറേഷന്റെ പത്രപ്പരസ്യത്തിന് ഇനി അഥവാ മികച്ച് പ്രതികരണമുണ്ടായില്ലെങ്കിൽത്തന്നെ നമുക്ക് ടെൻഷൻ അടിയ്ക്കേണ്ടതില്ല. നഗരത്തിനുള്ളിൽത്തന്നെ നീണ്ടു നിവർന്നു കിടക്കുകയല്ലേ തേക്കിൻകാട് മൈതാനം, ഏക്കറുകണക്കിന്, ആവശ്യത്തിന് അളന്നെടുക്കുയേ


ഫോട്ടോ : സനേഷ്

വേണ്ടൂ. പുതിയ ലാലൂർ ഇവിടെത്തന്നെയാകട്ടെ. ചവറുവണ്ടികളുടെ ഇന്ധനച്ചെലവും കുറക്കാം. കുടുംബശ്രീക്കാർക്ക് ഫ്ളാറ്റുകളിൽനിന്ന് പ്ലാസ്റ്റിക് കെട്ടുകൾ തൂക്കിയെടുത്തെറിയാനും എളുപ്പം. പക്ഷേ കൊലപാതകികളും കള്ളന്മാരും കടന്നുപോയ തെക്കേ ഗോപുരം അപ്പോൾ തുറക്കുക, കോർപ്പറേഷൻ സമാജികർക്കും ഉദ്യോഗസ്ഥർക്കും വേണ്ടിയായിരിക്കും. തേക്കിൻ കാട്ടിലെ നഗരപരിഷകാക്കാരങ്ങൾക്കുള്ളിൽ വിഷത്തേറ്റകളും മാരകദംഷ്ട്രങ്ങളുമായി അവരെ കടിച്ചുകീറാൻ ലാലൂരുകാർക്കൊപ്പം മുഴുവൻ തൃശൂർക്കാരും സാക്ഷാൽ വടക്കുന്നാഥനുമുണ്ടാകും. ആ ആഘോഷത്തിനും ലഡു മേടിക്കാനും, സുവാർത്ത ലോകം മുഴുവനുമറിയിക്കാനും sms അയക്കാനുമായി നമുക്ക് ഈ നികുതിപ്പണം ഇനിമുതൽ കരുതിവക്കാം



വര : വി.എസ്. ഗിരീശൻ

പ്രിയ കേരളീയം വായനക്കാരാ/രി,
**വരിസംഖ്യ 240/- രൂപ**
*അയച്ചുതന്ന് സഹകരിക്കുമല്ലോ. കൂടാതെ*
**സംഭാവന, അറിയിപ്പുകൾ, വാർത്തകൾ, വിശകലനങ്ങൾ**
*തുടങ്ങിയവയും അയച്ചുതരുമല്ലോ.*

കേരളീയം, കൊക്കാലെ, തൃശൂർ–21.
ഫോൺ : **9446576943, 9446586943, 0487-2421385**